# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1530

11.2.2013-ൽ മറുപടിക്ക്

## പശുഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്ററർ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പശുഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് എപ്പോഴാണ് ലോൺ അനുവദിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | (എ) പശുഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് 2007 ജനുവരി, ഫെബ്രുവരി മാസങ്ങളിലായാണ് വായ്പ അനുവദിച്ചിട്ടുള്ളത്. |
| (ബി) പശുക്കളെ എവിടെ നിന്നാണ് വാങ്ങിയതെന്നും, പശുക്കളെ രോഗ പരിശോധന നടത്തിയിരുന്നോ എന്നും വെളിപ്പെടുത്തുമോ ; | (ബി) പശുക്കളെ തമിഴ് നാട്ടിൽ നിന്നുമാണ് വാങ്ങിയത്. അവിടത്തെ മൃഗഡോക്ടർമാർ രോഗ പരിശോധന നടത്തിയിരുന്നു. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയ പശുക്കളെല്ലാം രോഗം പിടിപെട്ട് ചത്തുപോയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (സി) ഇല്ല, എന്നാൽ ചിലത് ചത്തുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ പശുക്കളെയെല്ലാം മൂന്നു വർഷത്തേയ്ക്ക് ഇൻഷ്വർ ചെയ്തിട്ടുള്ളതാണ്. |
| (ഡി) ബാങ്കിന്റെ ജപ്തി നടപടികളിൽ നിന്ന് ഒഴിവാക്കി പ്രസ്തുത ക്ഷീര കർഷകരുടെ കടം എഴുതി തള്ളുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (ഡി) 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ നിലവിലെ വ്യവസ്ഥകൾ പ്രകാരം കന്നുകാലിയുടെ പ്രജനനവും പരിപാലനവും കൃഷി എന്ന നിർവ്വചനത്തിലും, നാല് ഹെക്ടറിൽ കവിയാത്ത ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവന മാർഗ്ഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ കർഷകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നുണ്ട്. ആക്ട് പ്രകാരം 1969 ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ സഹകരണ സംഘങ്ങൾക്കോ ഒരു ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടംകൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്കോ ആക്ട് നിലവിൽ വന്ന തീയതിയായ |

18..01..2007 നോ അതിനുമുമ്പോ ഒരു കർഷകനിൽ നിന്ന് കിട്ടേണ്ടതായ ബാദ്ധ്യതയ്ക്ക് (കാർഷികാവശ്യത്തിനോ കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ എടുത്തിട്ടുള്ള വായ്പകൾ) കർഷക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസത്തിന് അർഹതയുണ്ട്. എന്നാൽ കടാശ്വാസത്തിനുള്ള വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തിയതി 31..05..2009 ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ നിലവിൽ കമ്മീഷനിൽ അപേക്ഷകൾ സ്വീകരിക്കുന്നില്ല.

സെക്ഷൻ ഓഫീസർ